"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- ശ്രീ.ഗ്രിഗറി ആന്റണി എന്ന മത്സ്യത്തൊഴിലാളി പെൻഷണർക്ക് മാനുഷിക പരിഗണന നൽകി പ്രത്യേക കേസ് ആയി പരിഗണിച്ച് പുനർഗേഹം പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് ഫ്ലാറ്റ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.890/2025/F&P തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 28/11/2025-ലെ ഡി.എഫ്.ടി.വി.എം/2125/2025-എൻ3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.ഗ്രിഗറി ആന്റണി, കറുക പറമ്പിൽ, പുന്നപ്ര, ആലപ്പുഴ എന്നയാൾ പുന്നപ്ര വടക്ക് മത്സ്യ ഗ്രാമത്തിലെ രജിസ്റ്റേർഡ് (നമ്പർ 83) മത്സ്യത്തൊഴിലാളിയാണ്. മത്സ്യബന്ധനത്തിനിടെ വള്ളത്തിൽ കാൽ വഴുതി വീണ് പരിക്ക് പറ്റിയത് കാരണം ജോലിയ്ക്ക് പോകാൻ കഴിയാത്ത അവസ്ഥയാണ്. വർഷങ്ങളായി വാടക വീട്ടിലാണ് താമസിക്കുന്നത്. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലായതിനാൽ ടിയാനും കുടുംബത്തിനും എന്തെങ്കിലും സാമ്പത്തിക സഹായവും, വീടും സ്ഥലവും നൽകണമെന്ന് അപേക്ഷ സമർപ്പിച്ചിരുന്നതായി പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അമ്പലപ്പുഴ ഫിഷറീസ് ഓഫീസിന്റെ പരിധിയിലെ പുന്നപ്ര നോർത്ത് മത്സ്യഗ്രാമത്തിലെ അംഗമായിരുന്ന ടിയാൻ നിലവിൽ പുന്നപ്ര സൗത്ത് പഞ്ചായത്തിലെ പെൻഷണർ ആണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ മാർഗ്ഗരേഖ പ്രകാരം പെൻഷണർക്ക് സാന്ത്വനതീരം പദ്ധതി പ്രകാരം മാത്രമാണ് ധനസഹായം നൽകുന്നത്.

2) ശ്രീ.ഗ്രിഗറി ആന്റണിക്ക് പത്തുവർഷം മുൻപുണ്ടായ അപകടത്തെ തുടർന്നുള്ള ആരോഗ്യപ്രശ്നങ്ങൾ മൂലം ജോലിക്ക് പോകുവാൻ കഴിയാത്ത അവസ്ഥയാണ്. അപേക്ഷകനും ഭാര്യയും രണ്ട് ആൺമക്കളും അടങ്ങുന്ന കുടുംബം വളരെ പരിതാപകരമായ അവസ്ഥയിലാണുള്ളത്. ടിയാൻ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. മണ്ണംപുറം ഫ്ലാറ്റിലേക്ക് മാറുന്നതിന് ശ്രീ.ഗ്രിഗറി ആന്റണി സന്നദ്ധത അറിയിച്ചിട്ടുള്ളതായി ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, ടിയാന് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വീടോ സ്ഥലമോ ഇല്ലാത്തതിനാൽ പുനർഗേഹം പദ്ധതി മാർഗരേഖ പ്രകാരം നിലവിൽ ഗുണഭോക്താവായി പരിഗണിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ, നിലവിലെ ജീവിതാവസ്ഥ പരിഗണിച്ച് ശ്രീ.ഗ്രിഗറി ആന്റണി എന്ന മത്സ്യതൊഴിലാളി പെൻഷണറെ മണ്ണംപുറം ഫ്ലാറ്റിലേക്ക് ഗുണഭോക്താവായി പരിഗണിക്കുന്നതിന് അനുകൂലമായ നടപടി ഉണ്ടാകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം

അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി പ്രത്യേക കേസായി പരിഗണിച്ച് ശ്രീ.ഗ്രിഗറി ആന്റണി എന്ന മത്സ്യത്തൊഴിലാളി പെൻഷണർക്ക് പുനർഗേഹം പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് ഫ്ലാറ്റ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SAMEER KUMAR O J**
ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി2/401/2025/മതുവ)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 17-12-2025 12:47:19